# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.73/PR/PIC/PHQ/13 Date : 25.07.2013

## മൊബൈൽ ഷോപ്പുകളിൽ മ്യൂസിക് പൈറസി റെയ്ഡ്

മൊബൈൽ മെമ്മറി കാർഡുകളിലേക്ക് അനധികൃതമായി പാട്ടുകൾ കോപ്പി ചെയ്തു നൽകിയതുമായി ബന്ധപ്പെട്ട് ആന്റിപൈറസി സെൽ എറണാകുളത്ത് നടത്തിയ റെയ്ഡിൽ വിവിധ സ്ഥാപനങ്ങൾക്കെതിരെ നടപടിയെടുത്തു. എറണാകുളം മേനകയിൽ ജി സി ഡി എ കോംപ്ലക്സിലുള്ള സെൽ വേൾഡ് എന്ന മൊബൈൽ കടയുടമ നസീർ, പെന്റാമേനകയിൽ വേൾഡ് കമ്മ്യൂണിക്കേഷൻ എന്ന മൊബൈൽ കടയുടമ തനൂഫ്, ആലുവ ആർ എസ് റോഡിന് എതിരെയുള്ള മൊബൈൽ കിങ് എന്ന മൊബൈൽ കടയുടമ കരീം എന്നിവർക്കെതിരെയാണ് കേസെടുത്തത്.

പകർപ്പവകാശമുള്ള മലയാളം പാട്ടുകൾ വ്യാജമായി മൊബൈൽ കടകളിൽ നിന്നും മെമ്മറി കാർഡുകളിലേക്ക് പകർത്തി കൊടുക്കുന്നതായി തിരുവനന്തപുരം ക്രൈംബ്രാഞ്ച് ആന്റിപൈറസി സെൽ പോലീസ് സൂപ്രണ്ട് വി.സി മോഹനന് സൗത്ത് ഇന്ത്യ ഡിജിറ്റൽ മ്യൂസിക് മാനേജ്മെന്റ് കമ്പനി നല്കിയ പരാതിയുടെ അടിസ്ഥാനത്തിലാണ് റെയ്ഡ് നടത്തിയത്. ആന്റിപൈറസി സെൽ ഡെപ്യൂട്ടി സൂപ്രണ്ട് എസ്. റഫീക്കിന്റെയും ഡിറ്റക്ടീവ് ഇൻസ്പെക്ടർ ജീജി. എൻ, ഡിറ്റക്ടീവ് സബ് ഇൻസ്പെക്ടർമാരായ ഷിബു, അനൂപ് ആർ ചന്ദ്രൻ, ബാബു, എ.എസ്.ഐമാരായ അനിൽകുമാർ, തുളസീധരൻ നായർ, വിഷ്ണു പ്രസാദ്, എസ് സി പി ഒ മാരായ അസിം, ഭുവനേന്ദ്രൻ, സി.പി.ഒ ഷാൻ, തിരുവനന്തപുരം ഹൈടെക് സെല്ലിലെ സി പി ഒ മാരായ കൃഷ്ണകുമാർ, അഖിൽ മോഹൻ എന്നിവർ റെയ്ഡിൽ പങ്കെടുത്തു.

സംസ്ഥാനത്താകമാനം തുടർന്നും മൊബൈൽ കടകളിൽ റെയിഡ് തുടരുമെന്ന് ആന്റിപൈറസി സെൽ സൂപ്രണ്ട് അറിയിച്ചു.

**************

The contents of this document may be deemed to be based on received information which is subject to further verification